**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** **12-09-2023 - ൽ മറുപടിയ്ക്ക്**

**വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി പി.എച്ച്.ഡി. പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഹാരാജാസ് കോളേജിൽ ഗസ്റ്റ് അദ്ധ്യാപികയായിരുന്നതായി വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കോളേജുകളിൽ ജോലിചെയ്ത ഗസ്റ്റ് അദ്ധ്യാപികക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | മഹാരാജാസ് കോളേജിൽ ഗസ്റ്റ് അദ്ധ്യാപികയായിരുന്നതായി വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കോളേജുകളിൽ ജോലിചെയ്ത ഗസ്റ്റ് അദ്ധ്യാപികക്കെതിരെ വകുപ്പ് തല പ്രാഥമിക അന്വേഷണം നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിലും അന്വേഷണം നടന്നു വരികയാണ്. |
| (ബി) | സംസ്കൃത സർവ്വകലാശാലയിൽ പട്ടികജാതിവിഭാഗത്തെ ഒഴിവാക്കി പ്രസ്തുത അദ്ധ്യാപികയ്ക്ക് പി.എച്ച്.ഡി. പ്രവേശനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്കൃത സർവ്വകാലശാലയിലെ 2019 ലെ പി എച്ച് ഡി പ്രവേശന നടപടികൾ പി. എച്ച്.ഡി റെഗുലേഷൻ 2017 പൂർണ്ണമായി പാലിച്ചാണ് നടത്തിയിട്ടുള്ളത് സർവ്വകലാശാലയുടെ 19.11.2015 - ലെ സർക്കുലർ പ്രകാരം പി.എച്ച്.ഡി പ്രവേശനത്തിന് 20% സംവരണം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് അനുവദിക്കുന്നുണ്ട്. മലയാള വിഭാഗത്തിലെ റിസർച്ച് കമ്മിറ്റി, 16.12.2019 തീയതിയിൽ കൂടുകയും, അപേക്ഷകരിൽ നിന്നും 2 പട്ടിക ജാതി വിദ്യാർത്ഥികൾ ഉൾപ്പെടെ യോഗ്യരായ 15 വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുകയും അപ്രകാരം തെരെഞ്ഞെടുത്ത എല്ലാവർക്കും പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ യൂണിവേഴ്സിറ്റി റെഗുലേഷനിലെ പി.എച്ച്.ഡി. പ്രവേശനം സംബന്ധിച്ച സെലക്ഷൻ കമ്മിറ്റിയിൽ അതത് വിഷയങ്ങളുടെ ഗൈഡുകളെ കൂടാതെ മറ്റു വിഷയങ്ങളിൽ നിന്നുള്ള രണ്ടുപേർ കൂടി അംഗങ്ങളായി നിർബന്ധമായും ഉണ്ടാകണം എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി പുറമെ നിന്നുള്ള ഗൈഡുകളെ ഒഴിവാക്കി സെലക്ഷൻ കമ്മിറ്റി ചേർന്നാണ് പ്രസ്തുത അദ്ധ്യാപികയ്ക്ക് പി.എച്ച്.ഡി. | (സി) | 2019 ലെ പി.എച്ച്.ഡി പ്രവേശനത്തിന് ബാധകമായ പി.എച്ച്.ഡി റഗുലേഷൻ 2017 ലെ Clause 13 (i) പ്രകാരമാണ് റിസർച്ച് കമ്മിറ്റി രൂപീകരിക്കുന്നത്. പി. എച്ച്.ഡി പ്രോഗ്രാമുള്ള പഠന വകുപ്പിലെ എല്ലാ ഗവേഷണ മാർഗ്ഗദർശികളും ഇതര പഠന വകുപ്പുകളിൽ നിന്നും രണ്ട് മാർഗ്ഗ ദർശികളും ഉൾപ്പെടുന്നതാണ് റിസർച്ച് കമ്മിറ്റി. റിസർച്ച് കമ്മിറ്റിയിൽ ചുരുങ്ങിയത് 5 അംഗങ്ങൾ ആണ് |

| | | | |
|---|---|---|---|
| | പ്രവേശനം നൽകിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | | ഉണ്ടാകേണ്ടത്. കമ്മിറ്റിയുടെ ക്വാറം മൂന്നിൽ ഒന്നാണ്. ഇതിൽ പുറമേ നിന്നുള്ള വകുപ്പിലെ ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്. 16.12.2019 തീയതിയിലെ റിസർച്ച് കമ്മിറ്റിയിൽ പുറമേ നിന്നുമുള്ള വകുപ്പിലെ രണ്ട് അംഗങ്ങളും പങ്കെടുത്തിരുന്നില്ല. |

സെക്ഷൻ ഓഫീസർ